REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 23-03-2026 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- **സംസ്ഥാന നിയമസഭ തിരഞ്ഞെടുപ്പിൽ നാമനിർദേശ പത്രിക സമർപ്പണം വൈകിട്ട് അവസാനിക്കും.**
- **പ്രിസൈഡിങ് ഓഫീസർമാരുടെയും ഫസ്റ്റ് പൊളിംഗ് ഓഫീസർമാരുടെയും പരിശീലനം നാളെ ആരംഭിക്കും.**
- **പശ്ചിമേഷ്യൻ സംഘർഷ സാഹചര്യം പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ മന്ത്രിസഭാ സുരക്ഷാ സമിതി വിലയിരുത്തി.**
- **സംസ്ഥാനത്ത് താപനില ഉയരാൻ സാധ്യത - 12 ജില്ലകളിൽ മഞ്ഞ ജാഗ്രത.**
- **ISL ഫുട്ബോളിൽ ഇന്ന് വൈകീട്ട് 7.30 കൊൽക്കത്തയിൽ ഈസ്റ്റ് ബംഗാൾ മുഹമ്മദൻ SC യെ നേരിടും**

## വാർത്തകൾ വിശദമായി

കേരളത്തിലെയും അസം, പുതുച്ചേരി എന്നിവിടങ്ങളിലെയും നിയമസഭ തിരഞ്ഞെടുപ്പിൽ നാമനിർദേശ പത്രിക സമർപ്പണത്തിന് സമയപരിധി വൈകിട്ട് മൂന്നിന് അവസാനിക്കും. രാവിലെ 11 മുതൽ പത്രിക സമർപ്പിക്കാം. ശനിയാഴ്ച വൈകിട്ട് വരെ 341 സ്ഥാനാർത്ഥികൾ 607 പത്രികകൾ നൽകിയിട്ടുണ്ട്. സൂക്ഷ്മ പരിശോധന നാളെയാണ്. വ്യാഴാഴ്ച വരെ പത്രിക പിൻവലിക്കാം.

ഡെസ്ക് റിപ്പോർട്ട്

..........വോയ്സ്..........

വോയ്സ് - നാമനിർദേശ പത്രിക

പത്രികാ സമർപ്പണം ഇന്ന് അവസാനിക്കാനിരിക്കെ കഴിഞ്ഞ ദിവസങ്ങളിൽ പത്രിക നൽകാത്ത മുന്നണി സ്ഥാനാർത്ഥികളും കക്ഷി രഹിത സ്ഥാനാർത്ഥികളും ഇന്ന് നാമനിർദേശം സമർപ്പിക്കും.

കേരളത്തിലും പുതുച്ചേരിയിലും അസമിലും ഏപ്രിൽ ഒമ്പതിനും തമിഴ്നാട്ടിൽ 23നും ഒരുഘട്ടത്തിലാണ് വോട്ടെടുപ്പ്. പശ്ചിമബംഗാളിൽ 23നും 29നുമായി വോട്ടെടുപ്പ് പൂർത്തിയാകും. എല്ലായിടത്തും മെയ് നാലിന് വോട്ടെണ്ണും. സംസ്ഥാന നിയമസഭയുടെ കാലാവധി മെയ് 23നാണ് അവസാനിക്കുന്നത്.

നാമനിർദ്ദേശപത്രിക സമർപ്പണത്തിന്റെ അവസാന തീയതി വരെ വോട്ടർപട്ടികയിൽ പേര് ചേർക്കാൻ അപേക്ഷിക്കാമെങ്കിലും, 10 ദിവസം മുൻപു വരെ സമർപ്പിച്ച അപേക്ഷകളാണ് നിലവിൽ പരിശോധിച്ച് വോട്ടർപട്ടികയിൽ ചേർക്കുന്നതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ രത്തൻ U കേൽക്കർ അറിയിച്ചു.

അപേക്ഷ സ്വീകരിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ പരമാവധി 10 ദിവസമാണ് വേണ്ടത്. അതിനാൽ, മാർച്ച് 15 വരെ അപേക്ഷ സമർപ്പിച്ചവർക്ക് മാത്രമെ ഏപ്രിൽ ഒമ്പതിന് വോട്ട് ചെയ്യാൻ അർഹത ലഭിക്കൂ.

തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനശേഷം, പുതിയ അപേക്ഷകൾ സ്വീകരിക്കുകയും മാർച്ച് 15 നു ശേഷം ലഭിച്ച അപേക്ഷകളിൽ നടപടി എടുക്കുകയും ചെയ്യുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

✪✪✪

തിരഞ്ഞെടുപ്പ് ജോലിക്ക് നിയോഗിക്കുന്ന ഉദ്യോഗസ്ഥരുടെ ആദ്യഘട്ട റാൻഡമൈസേഷൻ പൂർത്തിയായി. ഇതിലുൾപ്പെട്ട പ്രിസൈഡിങ് ഓഫീസർമാരുടെയും ഫസ്റ്റ് പൊളിംഗ് ഓഫീസർമാരുടെയും മൈക്രോ ഒബ്സർവർമാരുടെയും പരിശീലനം നാളെ ആരംഭിക്കും. രാവിലെയും ഉച്ചക്കുമായി രണ്ട് സെഷനുകളിലാണ് പരിശീലനം.

പരീക്ഷ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകർക്ക് നിശ്ചിത ദിവസം പരിശീലനത്തിൽ പങ്കെടുക്കാൻ കഴിയാതെ വന്നാൽ 24 മുതൽ 29 വരെ ഏതെങ്കിലും തിയ്യതിയിൽ പരിശീലനം നേടാവുന്നതാണ്.

✪✪✪

പത്രികാ സമർപ്പണം പൂർത്തിയായിട്ടില്ലെങ്കിലും നിയമസഭാ തെരഞ്ഞെടുപ്പിന്റെ പ്രചാരണപ്രവർത്തനങ്ങൾ ശക്തമായി തുടരുകയാണ്.

LDF ന്റെ തിരഞ്ഞെടുപ്പ് പ്രചരണത്തിന് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തുടക്കമിടും. ഏപ്രിൽ മൂന്നു വരെ 48 കേന്ദ്രങ്ങളിൽ മുഖ്യമന്ത്രി എത്തും. പത്തനംതിട്ടയിലാണ് പ്രചാരണത്തിന്റെ തുടക്കം.

UDF ന്റെ തെരഞ്ഞെടുപ്പ് പ്രചാരണം ബുധനാഴ്ച ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ പര്യടനത്തോടെ കൂടുതൽ ശക്തമാകും. അന്ന് വൈകിട്ട് കോഴിക്കോട് ബീച്ചിൽ റാലിയും സംഘടിപ്പിച്ചിട്ടുണ്ട്.

NDA യുടെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ദേശീയ നേതാക്കൾ കേരളത്തിലെത്തും. കേന്ദ്രമന്ത്രിമാരായ അമിത്ഷാ, നിതിൻ ഗഡ്കരി, രാജ്നാഥ് സിംഗ് എന്നിവരടക്കം പ്രമുഖർ പ്രചാരണത്തിനെത്തും.

✪✪✪

തിരുവനന്തപുരത്ത് ഏറ്റവും ഉയർന്ന വോട്ടിംഗ് ശതമാനം ലക്ഷ്യമിട്ട് പുതുമയേറിയ പ്രചാരണപരിപാടികൾ സ്വീപിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. പ്രചാരണത്തിന്റെ ഭാഗമായി വർക്കല ക്ലിഫിൽ പാരാ ഗ്ലൈഡിംഗും, പാപനാശത്ത് പാരാസെയിലിംഗും സംഘടിപ്പിച്ചു. കഴിഞ്ഞ ദിവസം സ്വീപിന്റെ ഭാഗമായി സ്കൂബാ ഡൈവിംഗ് സംഘടിപ്പിച്ചിരുന്നു. വോട്ടിങ്ങിന്റെ ശക്തി ഓരോരുത്തരും തിരിച്ചറിയണമെന്നും ഏപ്രിൽ ഒമ്പതിന് എല്ലാവരും സമ്മതിദാനം വിനിയോഗിക്കണമെന്നും അഭ്യർത്ഥിച്ചാണ് സ്വീപിന്റെ പ്രചാരണം.

മറ്റ് ജില്ലകളിലും സ്വീപിന്റെ നേതൃത്വത്തിൽ വ്യത്യസ്ത ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു.

റിപ്പോർട്ടിലേക്ക്......

..........വോയ്സ്........

കണ്ണൂരിൽ സ്വീപ് ക്യാമ്പയിനായ 'ഇങ്ക് ഇറ്റ് കണ്ണൂർ'ന്റെ ഭാഗമായി പയ്യാമ്പലം ബീച്ചിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. 'നിങ്ങളുടെ വോട്ട്, നിങ്ങളുടെ നാളെ' എന്ന പ്രമേയത്തിലായിരുന്നു പരിപാടികൾ.

കാസർകോട്ടെ വലിയപറമ്പ ബീച്ചിൽ സ്വീപ്പിന്റെ നേതൃത്വത്തിൽ വോട്ടർമാരുടെയും കുട്ടികളുടെയും സംഗമം സംഘടിപ്പിച്ചു. പട്ടം പറത്തലും

സുംബ ഡാൻസും ഉൾപ്പെടുത്തിയായിരുന്നു കടപ്പുറത്തെ വോട്ടർ ബോധവത്കരണ പരിപാടി.

തൃശൂരിൽ സ്വീപ് ബോധവത്കരണ പരിപാടിയുടെ ഭാഗമായി വോട്ടർ അവബോധ നൈറ്റ് വോക്ക് സംഘടിപ്പിച്ചു. നെഹ്റു പാർക്കിൽ നിന്ന് ആരംഭിച്ച പരിപാടി പോപ് പോൾ, മെഴ്സിഹോമിലെ ഭിന്നശേഷിക്കാരുടെ ശിങ്കാരിമേളത്തിന്റെ അകമ്പടിയോടെയാണ് തുടങ്ങിയത്.

മലപ്പുറത്ത് കോട്ടക്കുന്നിലും സ്വീപ് ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി ഷൂട്ടൗട്ട് മത്സരവും, പ്രശ്നോത്തരിയും, ഫോട്ടോ ബൂത്തും ഒരുക്കിയിരുന്നു.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയ 'വോട്ടറിവ് - കേരള നിയമസഭാ തെരഞ്ഞെടുപ്പ് നാൾവഴികൾ' ഇന്ന് തിരുവനന്തപുരത്ത് പ്രകാശനം ചെയ്യും. മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ പുസ്തക പ്രകാശനം നിർവഹിക്കും.

✪✪✪

നിയമസഭ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് ജില്ലാ കളക്ടർ അനു കുമാരിയുടെ നേതൃത്വത്തിൽ വലിയതുറ മുതൽ ബീമാപള്ളി വരെ പോലീസ് റൂട്ട് മാർച്ച് നടത്തി. 68 പൊലീസ് ഉദ്യോഗസ്ഥർ പങ്കെടുത്തു.

✪✪✪

സമ്മതിദായകർക്ക് വീട്ടിൽ വോട്ട് ചെയ്യാൻ ഒരുക്കിയ സംവിധാനത്തിൽ കോഴിക്കോട് ജില്ലയിൽ 19,854 പേരുണ്ടെന്ന് തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ സ്നേഹിൽ കുമാർ സിംഗ് അറിയിച്ചു. മുൻകൂട്ടി അപേക്ഷ നൽകിയ ഭിന്നശേഷിക്കാർക്കും 85 ന് മേൽ പ്രായക്കാർക്കുമാണ് വീട്ടിൽ വോട്ട് ചെയ്യാൻ അവസരം.

✪✪✪

കേരളത്തിലെ നിയമസഭാ തെരഞ്ഞെടുപ്പിന് BJP ഒരാളുടെ പട്ടിക കൂടി പ്രസിദ്ധീകരിച്ചു. വർക്കലയിലെ സ്ഥാനാർത്ഥി S സ്മിതയുടെ പേരാണ് അവസാനപട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

✪✪✪

കോഴിക്കോട് ജില്ലയിൽ ആന്റി ഡിഫെയ്സ്മെന്റ് സ്ക്വാഡ് പരിശോധനയിൽ 6,712 അനധികൃത പ്രചാരണ സാമഗ്രികൾ നീക്കം ചെയ്തു. അതിർത്തികളിലും തന്ത്രപ്രധാന കേന്ദ്രങ്ങളിലും കർശന പരിശോധന ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

ഗുരുവായൂരിലെ NDA സ്ഥാനാർത്ഥിയുടെ വിവാദ പരാമർശം മാതൃകാ പെരുമാറ്റച്ചട്ട ലംഘനമാണെന്ന പരാതിയിൽ പൊലീസ് കേസെടുത്തു. മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കറിന്റെ നിർദ്ദേശപ്രകാരം തൃശൂർ ജില്ലാകലക്ടറാണ് നടപടിയെടുത്തത്. സ്ഥാനാർത്ഥിയുടെ പരാമർശം അടങ്ങുന്ന വീഡിയോ സാമൂഹ്യമാധ്യമങ്ങളിൽ നിന്ന് കലക്ടറുടെ നിർദേശപ്രകാരം നീക്കം ചെയ്തിട്ടുണ്ട്.

✪✪✪

പശ്ചിമേഷ്യൻ സംഘർഷത്തെ തുടർന്നുണ്ടായ സാഹചര്യം പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ഇന്നലെ ചേർന്ന മന്ത്രിസഭാ സുരക്ഷാ സമിതി വിലയിരുത്തി. സംഘർഷത്തിന്റെ പ്രത്യാഘാതത്തിൽ നിന്ന് രാജ്യത്തെ പൗരന്മാരെ സംരക്ഷിക്കാൻ എല്ലാ ശ്രമങ്ങളും നടത്തണമെന്ന് പ്രധാനമന്ത്രി നിർദേശം നൽകി. ജനങ്ങൾക്ക് അസൗകര്യമുണ്ടാക്കുന്ന അവസ്ഥ ഒഴിവാക്കാൻ ഗവൺമെന്റിന്റെ എല്ലാ വിഭാഗങ്ങളും ഒറ്റക്കെട്ടായി പ്രവർത്തിക്കണം. സംസ്ഥാന ഗവൺമെന്റുകളായി ഏകോപനം പുലർത്തി അവശ്യസാധനങ്ങളുടെ കരഞ്ചന്തയും പൂഴ്ത്തിവെപ്പും കർശനമായി തടയണം. ഇതിനായി കേന്ദ്രമന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും സമിതി രൂപീകരണക്കണമെന്നും അദ്ദേഹം നിർദേശിച്ചു.

ഭക്ഷണം, ഇന്ധനം, ഊർജ്ജ സുരക്ഷ എന്നിവയടക്കം സാധാരണക്കാരെ ബാധിക്കുന്ന പ്രശ്നങ്ങൾ ഹ്രസ്വ - ദീർഘകാല നടപടികളിലൂടെ പരിഹരിക്കാനും യോഗം തീരുമാനിച്ചു.

✪✪✪

രാജ്യത്ത് അവശ്യ ഇന്ധനങ്ങൾക്ക് ക്ഷാമമില്ലെന്ന് പെട്രോളിയം, തുറമുഖ, വിദേശകാര്യ മന്ത്രാലയങ്ങൾ ആവർത്തിച്ചറിയിച്ചു. പെട്രോളിന്റെയും ഡീസലിന്റെയും മതിയായ ശേഖരം രാജ്യത്തുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളുടെയും LPG-യുടെയും ലഭ്യത ഉറപ്പാക്കാൻ ഗവണ്മെന്റ് സുപ്രധാന നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രാലയം വിശദീകരിച്ചു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ ഉൾപ്പെടെ പ്രധാന മേഖലകൾക്ക് മുൻഗണന നൽകി സംസ്ഥാനങ്ങൾക്ക് വാണിജ്യ LPG വിഹിതം ഗവണ്മെന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. ഗാർഹിക, വാണിജ്യ ഉപഭോക്താക്കൾക്ക് പുതിയ PNG

കണക്ഷനുകൾ ലഭ്യമാക്കാൻ സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകിയതായും അറിയിപ്പിൽ പറയുന്നു.

✪✪✪

ഇറാന്റെ ശത്രുക്കളുടേതൊഴികെ എല്ലാ രാജ്യങ്ങളുടെയും കപ്പലുകൾക്ക് ഹോർമൂസ് കടലിടുക്ക് വഴി കടന്നുപോകാമെന്ന് ഇറാൻ പ്രസിഡന്റ് മൊസൂദ് പെസഷ്കിയാൻ വ്യക്തമാക്കി. ഇറാനെ ലോക ഭൂപടത്തിൽ നിന്ന് തുടച്ചുമാറ്റുമെന്ന US പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഭീഷണി വ്യാമോഹം മാത്രമാണെന്നും പെസഷ്കിയാൻ പ്രതികരിച്ചു.

സ്വതന്ത്ര വ്യാപാരത്തിന് അനുമതിയില്ലാതെ സ്വതന്ത്ര കപ്പൽ ഗതാഗതം സാധ്യമാകില്ലെന്ന് വിദേശകാര്യമന്ത്രി സയേദ് അബ്ബാസ് അരാഗച്ചിയും അഭിപ്രായപ്പെട്ടു.

✪✪✪

എയർ ഇന്ത്യയും, എയർ ഇന്ത്യ എക്സ്പ്രസും ഇന്ന് പശ്ചിമേഷ്യയിലേക്കും തിരിച്ചും 30 സർവീസ് നടത്തും. ഇരു കമ്പനികളും ജിദ്ദയിലേക്ക് ഷെഡ്യൂൾ ചെയ്ത 10 വിമാനങ്ങൾ അയക്കും. വടക്കേ അമേരിക്ക, യൂറോപ്പ്, ഓസ്ട്രേലിയ, എന്നിവിടങ്ങളിലേക്കും തിരിച്ചും എല്ലാ വിമാനങ്ങളും ഷെഡ്യൂൾ പ്രകാരം സർവീസ് തുടരുമെന്നും എയർ ഇന്ത്യ അറിയിച്ചു.

✪✪✪

റഷ്യയിൽ നിന്ന് ക്രൂഡ് ഓയിലുമായി മംഗലൂരു തുറമുഖത്തെത്തിയ അക്വാടൈറ്റൺ കപ്പലിൽ നിന്ന് വൈകിട്ടോടെ പൂർണമായി എണ്ണ ഇറക്കാനാകുമെന്ന് അധികൃതർ അറിയിച്ചു. 96,000 മെട്രിക് ടൺ ക്രൂഡ് ഓയിലാണ് കപ്പലിൽ എത്തിച്ചത്. US ൽ നിന്ന് LPG യുമായി എത്തിയ പൈക്സിസ് പയനിയർ 16,714 ടൺ LPG മംഗലൂരുവിൽ ഇറക്കുന്ന ജോലിയും പുരോഗമിക്കുകയാണ്.

✪✪✪

സംസ്ഥാനത്ത് മിക്ക ജില്ലകളിൽ നാളെ വരെ താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. പാലക്കാട് ജില്ലയിൽ ഉയർന്ന താപനില 38 °C വരെയും കൊല്ലം, കോട്ടയം, എറണാകുളം, തൃശൂർ, കാസർകോട് ജില്ലകളിൽ താപനില 37°C വരെയും, തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 36°C വരെയും ഉയരാൻ സാധ്യതയുണ്ട്. ഇടുക്കിയും വയനാടും ഒഴികെ 12 ജില്ലകളിൽ മഞ്ഞ ജാഗ്രതാനിർദേശം നൽകിയിട്ടുണ്ട്.

✪✪✪

ISL ഫുട്ബോളിൽ ഗോവ-ചെന്നൈയിൻ FC മത്സരം സമനിലയിൽ പിരിഞ്ഞു. ചെന്നൈയിൽ ഇരുടീമുകളും ഓരോ ഗോൾ നേടി.

മറ്റൊരു മത്സരത്തിൽ ഇന്റർകാശിയെ, ബംഗളുരു FCയും പരാജയപ്പെടുത്തി.

ഇന്ന് ഈസ്റ്റ് ബംഗാൾ, മുഹമ്മദൻ SCയെ നേരിടും. കൊൽക്കത്തയിൽ വൈകീട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ഒമാനിൽ മിന്നൽ പ്രളയത്തിൽ മരിച്ച മലയാളികളുടെ മൃതദേഹങ്ങൾ ഇന്ന് നാട്ടിലെത്തിക്കും. തൃത്താല സ്വദേശികളായ യൂസഫ്, ഷംല എന്നിവരാണ് മരിച്ചത്. മസ്ക്കറ്റിനു സമീപം ശനിയാഴ്ച രാത്രി ഒരു മണിയോടെയായിരുന്നു അപകടം.

✪✪✪

ഇന്ന് ലോക കാലാവസ്ഥാ ദിനം. 1950-ൽ ലോക കാലാവസ്ഥാ സംഘടന സ്ഥാപിതമായതിന്റെ ഓർമ്മയ്ക്കായാണ് ദിനം ആഘോഷിക്കുന്നത്. "ഇന്ന് ആചരിക്കുക, നാളെയെ സംരക്ഷിക്കുക" എന്നതാണ് ഈ വർഷത്തെ പ്രമേയം.

കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് അവബോധം വളർത്താനും, ഭൂമിയുടെ അന്തരീക്ഷം സംരക്ഷിക്കുന്നതിൽ സമൂഹത്തിന്റെ പങ്ക് ഓർമ്മിപ്പിക്കാനുമാണ് ദിനാചരണം.

✪✪✪

*News Editor & News Reader: : അനിൽ ചന്ദ്രൻ*
*News Team: അബ്ദുൾ കബീർ, ശരണ്യ രാജൻ*
*DEO: സി കെ സുബോധ്*